**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2934** **24-02-2026 - ൽ മറുപടിയ്ക്ക്**

**കെ.ജി സുബ്രഹ്മണ്യൻ സാംസ്കാരിക കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രശസ്ത ചിത്രകാരൻ കെ. ജി. സുബ്രഹ്മണ്യന്റെ സ്മരണാർത്ഥം ജന്മനാടായ കുത്തുപറമ്പിൽ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | കെ. ജി. സുബ്രമണ്യൻ സ്മാരക സാംസ്കാരിക കേന്ദ്രം കുത്തുപറമ്പ് - സ്ഥലമെടുപ്പും കെട്ടിട നിർമ്മാണവും എന്ന പ്രവൃത്തിക്കായി 2022-23 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റ് രേഖകളിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പ്രവൃത്തികളിൽ ഉൾപ്പെടുത്തി 2 കോടി രൂപ അടങ്കൽ നിശ്ചയിച്ച് 100 രൂപ ടോക്കൺ വിഹിതം നിശ്ചയിച്ചിരുന്നു. റവന്യൂ, പൊതുമരാമത്ത് വകുപ്പുകളെയാണ് ടി പ്രവൃത്തിയുടെ നിർവ്വഹണ വകുപ്പുകളായി നിശ്ചയിച്ചിരുന്നത്. ടി സ്മാരകം നിർമ്മിക്കുന്നതിന് 4 ഏക്കർ സ്ഥലം കണ്ടെത്തി അക്വയർ ചെയ്യുന്നതിന് 5 കോടി രൂപ ആവശ്യമാണെന്ന് സാംസ്കാരിക വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടോക്കൺ വിഹിതം മാത്രം വകയിരുത്തിയിരുന്നതിനാൽ ടി പ്രവൃത്തി തുടർ വർഷങ്ങളിൽ പരിഗണിക്കാൻ കഴിഞ്ഞിരുന്നില്ല. മതിയായ ഫണ്ട് വകയിരുത്തുന്ന മുറയ്ക്ക് കെ. ജി. സുബ്രഹ്മണ്യൻ സാംസ്കാരിക കേന്ദ്രം പ്രവൃത്തി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ